# UNIT 6
# കാഴ്ചയും വർണങ്ങളുടെ ലോകവും

**04/01/2021 – Class 48**

## Activity 1

**ചർച്ച**

- പ്രകാശരശ്മികളെ സംവ്രജിപ്പിക്കുന്ന ലെൻസ് ഏതാണ്? **കോൺവെക്സ് ലെൻസ്**
- യഥാർഥ പ്രതിബിംബമാണോ മിഥ്യാപ്രതിബിംബമാണോ സ്ക്രീനിൽ രൂപീകരിക്കുന്നത്?**യഥാർഥ പ്രതിബിംബം.**
- ഏത് ഇനം ലെൻസാണ് യഥാർഥ പ്രതിബിംബം രൂപീകരിക്കുന്നത്? **കോൺവെക്സ് ലെൻസ്.**

**നിഗമനം**

കോൺവെക്സ് ലെൻസിന് യഥാർഥ പ്രതിബിംബങ്ങളും മിഥ്യാപ്രതിബിംബവും രൂപീകരിക്കാൻ കഴിയും. യഥാർഥ പ്രതിബിംബങ്ങൾ സ്ക്രീനിൽ രൂപീകരിക്കുന്നു.

## Activity 2

കണ്ണിന്റെ ഒരു മാതൃകയും, കണ്ണിലെ പ്രതിബിംബ രൂപീകരണത്തിന്റെ ചിത്രവും നിരീക്ഷിക്കുന്നു.






**ചർച്ച**

- കണ്ണിന്റെ പ്രധാന ഭാഗങ്ങൾ ഏതെല്ലാമാണ്? **കോർണിയ, റെറ്റിന, ഐറിസ്, ലെൻസ്, സീലിയറി പേശി, കൃഷ്ണമണി.**
- കണ്ണിലുള്ളത് ഏത് തരം ലെൻസാണ്? **കോൺവെക്സ് ലെൻസ്.**
- ഒരു വസ്തുവിൽ നിന്നുള്ള പ്രകാശം കണ്ണിലെ കോൺവെക്സ് ലെൻസിലൂടെ കടന്നുപോകുമ്പോൾ എന്തു സംഭവിക്കുന്നു? **കോൺവെക്സ് ലെൻസ് പ്രകാശരശ്മികളെ റെറ്റിനയിലേക്ക് സംവ്രജിപ്പിക്കുന്നു.**
- കണ്ണിൽ പ്രതിബിംബം രൂപീകരിക്കപ്പെടുന്നത് എവിടെയാണ്? **റെറ്റിനയിൽ.**

**നിഗമനം**

ഐറിസിന്റെ മധ്യഭാഗത്തുള്ള കൃഷ്ണമണിയിൽക്കൂടി ഒരു വസ്തുവിൽ നിന്നുള്ള പ്രകാശം കണ്ണിലെ ലെൻസിൽ പതിക്കുന്നു. കണ്ണിലെ കോൺവെക്സ് ലെൻസ് ഈ പ്രകാശരശ്മികളെ റെറ്റിനയിലേക്ക് സംവ്രജിപ്പിക്കുന്നു. റെറ്റിനയിൽ തലകീഴായ പ്രതിബിംബം രൂപീകരിക്കപ്പെടുന്നു. റെറ്റിനയിൽ ഉണ്ടാകുന്ന ആവേഗങ്ങൾ നേത്രനാഡി വഴി തലച്ചോറിൽ എത്തുന്നു. തലച്ചോറ് ഈ ആവേഗങ്ങളെ പരിശോധിച്ച് കാഴ്ച എന്ന അനുഭവം നൽകുന്നു.

## Activity 3

കണ്ണിൽ പ്രതിബിംബം രൂപീകരിക്കുന്നതിന്റെ രേഖാചിത്രങ്ങൾ നിരീക്ഷിക്കുന്നു




Fig. 6.3

**ചർച്ച**

- റെറ്റിനയിൽത്തന്നെ കൃത്യമായി പ്രതിബിംബം രൂപപ്പെടുന്നത് ഏത് ചിത്രത്തിലാണ്? **ചിത്രം (c).**
- മറ്റു രണ്ടു ചിത്രങ്ങളിൽ പ്രതിബിംബം രൂപപ്പെടുന്നത് എവിടെയാണ്? **ചിത്രം (a) യിൽ റെറ്റിനയുടെ മുമ്പിലും ചിത്രം (b) യിൽ റെറ്റിനയുടെ പിറകിലും**
- ആരോഗ്യമുള്ള കണ്ണുകളിൽ പ്രതിബിംബം രൂപപ്പെടുന്നത് എവിടെയാണ്? **റെറ്റിനയിൽ..**

**നിഗമനം**

ആരോഗ്യമുള്ള കണ്ണുകളിൽ പ്രതിബിംബം രൂപപ്പെടുന്നത് കൃത്യമായി റെറ്റിനയിൽ ആണ്.

## Activity 4

ഒരു പുസ്തകം മൂക്കിൽ സ്പർശിക്കുന്ന വിധത്തിൽ പിടിച്ചുകൊണ്ട് വായിക്കാൻ ശ്രമിക്കുന്നു.

**ചർച്ച**

- അക്ഷരങ്ങൾ വ്യക്തമായി കാണാൻ കഴിയുന്നുണ്ടോ? **ഇല്ല.**
- പുസ്തകം അകലേക്ക് നീക്കിയാലോ? **വ്യക്തമായി കാണാൻ കഴിയുന്നു.**
- കണ്ണിൽ നിന്ന് എത്ര അകലത്തിൽ എത്തുമ്പോഴാണ് വ്യക്തമായി കാണാൻ കഴിയുന്നത്? **25 cm.**
- ഈ ബിന്ദുവാണ്? **നിയർ പോയിന്റ്.**

**നിഗമനം**

ഒരു വസ്തുവിനെ വ്യക്തമായി കാണാൻ കഴിയുന്ന ഏറ്റവും അടുത്തുള്ള ബിന്ദുവിനെ **നിയർ പോയിന്റ്** എന്നു പറയുന്നു. ആരോഗ്യമുള്ള കണ്ണുകൾക്ക് വ്യക്തമായ കാഴ്ചയുള്ള കുറഞ്ഞ ദൂരം **25 cm** ആണെന്ന് കണക്കാക്കിയിരിക്കുന്നു.

- വസ്തുവിനെ വ്യക്തമായി കാണാൻ കഴിയുന്ന ഏറ്റവും കൂടിയ ദൂരം എത്രയാണ്? **അനന്തത.**
- ഈ ബിന്ദുവാണ്? **ഫാർ പോയിന്റ്.**

**നിഗമനം**

ഒരു വസ്തുവിനെ വ്യക്തമായി കാണാൻ കഴിയുന്ന ഏറ്റവും അകലെയുള്ള ബിന്ദുവാണ് **ഫാർ പോയിന്റ്.** ഈ ദൂരം **അനന്തമായി** കണക്കാക്കപ്പെട്ടിരിക്കുന്നു.

## Activity 5

പുസ്തകം വായിക്കുമ്പോഴും നക്ഷത്രങ്ങളെ നിരീക്ഷിക്കുമ്പോഴും വ്യക്തമായ പ്രതിബിംബം റെറ്റിനയിൽ തന്നെ രൂപപ്പെടുന്നത് എപ്രകാരമായിരിക്കും?

**ചർച്ച**

- ഒരു കോൺവെക്സ് ലെൻസിൽ വസ്തുവിന്റെ സ്ഥാനം മാറുന്നതനുസരിച്ച് പ്രതിബിംബത്തിന്റെ സ്ഥാനത്തിന് എന്ത് സംഭവിക്കുന്നു? **പ്രതിബിംബത്തിന്റെ സ്ഥാനവും മാറുന്നു.**
- ഇതിന് കാരണമെന്താണ്? **ലെൻസിന്റെ ഫോക്കസ് ദൂരം മാറുന്നില്ല.**
- നമ്മുടെ കണ്ണിലെ ലെൻസിന്റെ സ്ഥാനവും റെറ്റിനയുടെ സ്ഥാനവും മാറുന്നുണ്ടോ? **ഇല്ല**

**പരീക്ഷണെ 1**

പരീക്ഷണത്തിനായി സ്ക്രീനും ലെൻസും തമ്മിലുള്ള അകലം 40 cm ആയി ക്രമീകരിക്കുന്നു. ലെൻസിൽ നിന്നു 13 cm അകലെയായി ഒരു മെഴുകുതിരി (വസ്തു) കത്തിച്ച് വയ്ക്കുന്നു.

| പ്രവർത്തനം | നിരീക്ഷണം |
|---|---|
| 20 cm ഫോക്കസ് ദൂരമുള്ള കോൺവെക്സ് ലെൻസ് സ്റ്റാൻഡിൽ വയ്ക്കുന്നു.  | വ്യക്തമായ പ്രതിബിംബം സ്ക്രീനിൽ രൂപീകരിക്കുന്നില്ല. |
| 15 cm ഫോക്കസ് ദൂരമുള്ള കോൺവെക്സ് ലെൻസ് സ്റ്റാൻഡിൽ വയ്ക്കുന്നു  | വ്യക്തമായ പ്രതിബിംബം സ്ക്രീനിൽ രൂപീകരിക്കുന്നില്ല. |
| 10 cm ഫോക്കസ് ദൂരമുള്ള കോൺവെക്സ് ലെൻസ് സ്റ്റാൻഡിൽ വയ്ക്കുന്നു.  | വ്യക്തമായ പ്രതിബിംബം സ്ക്രീനിൽ രൂപീകരിക്കുന്നു. |

**നിഗമനം**

10 cm ഫോക്കസ് ദൂരമുള്ള ലെൻസ് ഉപയോഗിച്ചപ്പോഴാണ് വ്യക്തമായ പ്രതിബിംബം സ്ക്രീനിൽ രൂപീകരിക്കപ്പെട്ടത്

**<u>പരീക്ഷണം 2</u>**

പരീക്ഷണത്തിനായി സ്ക്രീനും ലെൻസും തമ്മിലുള്ള അകലം 40 cm ആയി ക്രമീകരിക്കുന്നു. ലെൻസിൽ നിന്നു 24 cm അകലെയായി ഒരു മെഴുകുതിരി (വസ്തു) കത്തിച്ചു വയ്ക്കുന്നു.

| **പ്രവർത്തനം** | **നിരീക്ഷണം** |
|---|---|
| 10 cm ഫോക്കസ് ദൂരമുള്ള കോൺവെക്സ് ലെൻസ് സ്റ്റാൻഡിൽ വയ്ക്കുന്നു  | വ്യക്തമായ പ്രതിബിംബം സ്ക്രീനിൽ രൂപീകരിക്കുന്നില്ല. |
| 15 cm ഫോക്കസ് ദൂരമുള്ള കോൺവെക്സ് ലെൻസ് സ്റ്റാൻഡിൽ വയ്ക്കുന്നു  | വ്യക്തമായ പ്രതിബിംബം സ്ക്രീനിൽ രൂപീകരിക്കുന്നു. |
| ലെൻസിൽ നിന്നു 40 cm അകലെയായി ഒരു മെഴുകുതിരി (വസ്തു) കത്തിച്ചു വയ്ക്കുന്നു. 20 cm ഫോക്കസ് ദൂരമുള്ള കോൺവെക്സ് ലെൻസ് സ്റ്റാൻഡിൽ വയ്ക്കുന്നു.  | വ്യക്തമായ പ്രതിബിംബം സ്ക്രീനിൽ രൂപീകരിക്കുന്നു. |

| ലെൻസിൽനിന്നു വസ്തുവിലേക്കുള്ള അകലം (cm) | ലെൻസിൽനിന്നു സ്ക്രീനിലേക്കുള്ള അകലം (cm) | വ്യക്തമായ പ്രതിബിംബം ലഭിക്കാൻ യോജിച്ച ലെൻസിന്റെ ഫോക്കസ് ദൂരം (cm) |
|---|---|---|
| 13 | 40 | 10 |
| 24 | 40 | 15 |
| 40 | 40 | 20 |

**ചർച്ച**

- പരീക്ഷണത്തിൽ ലെൻസും സ്ക്രീനും തമ്മിലുള്ള ദൂരം സ്ഥിരമാണോ? **അതെ.**
- ലെൻസിൽ നിന്ന് വസ്തുവിലേക്കുള്ള ദൂരം മാറിയപ്പോൾ, വ്യക്തമായ പ്രതിബിംബം സ്ക്രീനിൽ രൂപീകരിച്ചത് എങ്ങനെയാണ്? **ഫോക്കസ് ദൂരം വ്യത്യാസമുള്ള ലെൻസുകൾ ഉപയോഗിച്ച്.**

**നിഗമനം**

ലെൻസിൽ നിന്ന് ഒരു നിശ്ചിത അകലത്തിൽ ഇരിക്കുന്ന സ്ക്രീനിലേക്ക് വ്യത്യസ്ത അകലങ്ങളിലുള്ള വസ്തുക്കളുടെ പ്രതിബിംബം വ്യക്തതയോടെ ലഭിക്കാൻ വ്യത്യസ്ത ഫോക്കസ് ദൂരങ്ങൾ ഉള്ള ലെൻസുകൾ ഉപയോഗിക്കണം.

## Activity 6

വ്യക്തമായ കാഴ്ചയനുഭവം ഉണ്ടാക്കാൻ ഫാർ പോയിന്റ് മുതൽ നിയർ പോയിന്റ് വരെയുള്ള വസ്തുക്കളുടെ പ്രതിബിംബം റെറ്റിനയിൽ വ്യക്തമായി രൂപീകരിക്കണം. ഇതെങ്ങനെ സാധിക്കും?

**ചർച്ച**

- നമ്മുടെ കണ്ണിലെ ലെൻസിൽ നിന്ന് റെറ്റിനയിലേക്കുള്ള ദൂരം (v) മാറുന്നുണ്ടോ? **ഇല്ല.**
- കണ്ണിലെ  ലെൻസിൽ നിന്ന് വ്തുവിലേക്കുള്ള ദൂരം എപ്പോഴും സ്ഥിരമാണോ? **അല്ല.**
- പിന്നെ എങ്ങനെയാണ് ഫാർ പോയിന്റ് മുതൽ നിയർ പോയിന്റ് വരെയുള്ള വസ്തുക്കളുടെ പ്രതിബിംബം റെറ്റിനയിൽ വ്യക്തമായി രൂപീകരിക്കുന്നത്? **കണ്ണിലെ ലെൻസിന്റെ ഫോക്കസ് ദൂരം വ്യത്യാസപ്പെടുത്തി.**
- നാം അടുത്തുള്ള വസ്തുക്കളെ നോക്കുമ്പോൾ കണ്ണിലെ കോൺവെക്സ് ലെൻസുമായി ബന്ധപ്പെട്ട സീലിയറി പേശികൾക്ക് എന്തു സംഭവിക്കുന്നു? **സങ്കോചിക്കുന്നു.**
- അപ്പോൾ ലെൻസിന്റ വക്രതയ്ക്ക് എന്തു സംഭവിക്കുന്നു? **കണ്ണിലെ ലെൻസിന്റെ വക്രത കൂടുന്നു.**
- കണ്ണിലെ ലെൻസിന്റെ വക്രത കൂടുമ്പോൾ ഫോക്കസ് ദൂരത്തിന് എന്തു മാറ്റം സംഭവിക്കുന്നു? **ഫോക്കസ് ദൂരം കുറയുന്നു.**

**നിഗമനം**

നാം **അടുത്തുള്ള വസ്തുക്കളെ** നോക്കുമ്പോൾ കണ്ണിലെ കോൺവെക്സ് ലെൻസുമായി ബന്ധപ്പെട്ട **സീലിയറി പേശികൾ സങ്കോചിക്കുകയും** ലെൻസിന്റെ **വക്രത കൂടുകയും ഫോക്കസ് ദൂരം കുറയുകയും** ചെയ്യുന്നു.

**ചർച്ച**

- നാം അകലെയുള്ള വസ്തുക്കളെ നോക്കുമ്പോൾ കണ്ണിലെ കോൺവെക്സ് ലെൻസുമായി ബന്ധപ്പെട്ട സീലിയറി പേശികൾക്ക് എന്തു സംഭവിക്കുന്നു? **വിശ്രമാവസ്ഥ പ്രാപിക്കുന്നു.**
- അപ്പോൾ ലെൻസിന്റ വക്രതയ്ക്ക് എന്തു സംഭവിക്കുന്നു? **കണ്ണിലെ ലെൻസിന്റെ വക്രത കുറയുന്നു.**
- കണ്ണിലെ ലെൻസിന്റെ വക്രത കുറയുമ്പോൾ ഫോക്കസ് ദൂരത്തിന് എന്തു മാറ്റം സംഭവിക്കുന്നു? **ഫോക്കസ് ദൂരം കൂടുന്നു.**

**നിഗമനം**

നാം **അകലെയുള്ള വസ്തുക്കളെ** നോക്കുമ്പോൾ സീലിയറി പേശികൾ **വിശ്രമാവസ്ഥ** പ്രാപിക്കുകയും ലെൻസിന്റെ **വക്രത കുറഞ്ഞ് ഫോക്കസ് ദൂരം കൂടുകയും** ചെയ്യുന്നു.

- കണ്ണിന്റെ ഈ കഴിവാണ്? **സമഞ്ജനക്ഷമത (Power of accommodation)**

**സമഞ്ജനക്ഷമത (Power of accommodation)**

വസ്തുക്കളുടെ സ്ഥാനം എവിടെയിരുന്നാലും പ്രതിബിംബം റെറ്റിനയിൽ പതിക്കത്തക്കവിധം ലെൻസിന്റെ വക്രത വ്യത്യാസപ്പെടുത്തി ഫോക്കസ് ദൂരം സ്വയം ക്രമീകരിക്കാനുള്ള കഴിവാണ് **കണ്ണിന്റെ സമഞ്ജനക്ഷമത..**

**Assignment**

a സാധാരണ ആരോഗ്യമുള്ള കണ്ണിന് നിയർ പോയിന്റിലേക്കുള്ള അകലമെത്രയാണ് ?

b സാധാരണ ആരോഗ്യമുള്ള കണ്ണിന് ഫാർ പോയിന്റേതാണ്?

c നാം അടുത്തുള്ള വസ്തുക്കളിലും വിദൂര വസ്തുക്കളിലും നോക്കുമ്പോൾ പ്രതിബിംബം റെറ്റിനയിൽ തന്നെ ലഭിക്കുന്നതെങ്ങിനെയെന്ന് വിശദീകരിക്കുക .

KITE VICTERS